പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

## <u>ഇന്ദിര ആവാസ് യോജന</u>

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1488 — 04.12.2015 ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.അജിത് | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
| (എ) | ഇന്ദിര ആവാസ് യോജന പദ്ധതി ഇതേ പേരിൽ നിലവിലുണ്ടോ; പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (എ) | നിലവിലുണ്ട്. ഗ്രാമീണ മേഖലയിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വാസയോഗ്യമായ വീടില്ലാത്ത കുടുംബങ്ങൾക്ക് ഭവന നിർമ്മാണ ധനസഹായം നൽകുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ഇന്ദിര ആവാസ് യോജന. ഇന്ദിര ആവാസ് യോജനയിൽ പുതിയ വീടുകളുടെ നിർമ്മാണത്തിന് കേന്ദ്രസർക്കാർ നിശ്ചയിച്ചിരിക്കുന്ന തുക 70,000/- രൂപയാണ്. തുക കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 60:40 അനുപാതത്തിൽ വഹിച്ചു വരുന്നു. എന്നാൽ കേരളത്തിൽ ഐ.എ.വൈ. ഗുണഭോക്താക്കൾക്കുള്ള യൂണിറ്റ് കോസ്റ്റ് പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിന് 3 ലക്ഷമായും പൊതുവിഭാഗത്തിന് 2 ലക്ഷമായും സംസ്ഥാന സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ പേര് മാറ്റിയിട്ടുണ്ടെങ്കിൽ ഇതേ ഉദ്ദേശലക്ഷ്യങ്ങളോടെ ഇപ്പോൾ നിലവിലുള്ള പദ്ധതിയും വിശദാംശങ്ങളും വ്യക്തമാക്കുമോ; | (ബി) | ബാധകമല്ല. |
| (സി) | ഇന്ദിരാ ആവാസ് യോജന പദ്ധതി പ്രകാരം നിർമ്മാണം തുടങ്ങിയ വീടുകളുടെ പണികൾ പൂർത്തിയാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ പൂർത്തിയാക്കാനുള്ള ധനസഹായം ഗുണഭോക്താക്കൾക്ക് നൽകുമോ? | (സി) | ഇന്ദിര ആവാസ് യോജനയുടെ മാർഗ്ഗനിർദ്ദേശ പ്രകാരം ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് 18 മാസത്തെ സമയം അനുവദിച്ചിട്ടുണ്ട്. സാധന സാമഗ്രികളുടെ ലഭ്യതകുറവ് കാരണം ചില ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിന് കാലതാമസം വരുത്തുന്നുണ്ട്. നിർമ്മാണ പുരോഗതിയനുസരിച്ച് ഗുണഭോക്താക്കൾക്ക് തുക അനുവദിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ